പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4234 25.06.2018-ൽ മറുപടിക്ക്

## തൊഴിൽമേഖലയിൽ പണിയെടുക്കുന്ന അസംഘടിതരായ ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് തൊഴിൽമേഖലയിൽ പണിയെടുക്കുന്ന അസംഘടിതരായ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണത്തെ സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ; | (എ) | ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, ആരോഗ്യ ഇൻഷ്വറൻസ് കാർഡ് നല്കൽ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 19.06.2018 തീയതി വരെ 2,75,277 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 30.04.2018 വരെ 55,359 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇവർക്ക് നിർബന്ധമായും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് ആരോഗ്യവകുപ്പുമായും തദ്ദേശസ്വയംഭരണ വകുപ്പുമായും സഹകരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) | ഇതരസംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ ഏർപ്പെടുത്തുക സാദ്ധ്യമല്ല. ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് "ആവാസ്" പദ്ധതിപ്രകാരമുള്ള എൻറോൾമെന്റ് നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ